"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് , കൊടുവള്ളി നഗരസഭ കൗൺസിലറായ ശ്രീ. സുബൈർ. പി.കെ യ്ക്ക് ചികിത്സ ഇനത്തിൽ ചെലവായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1071/2025/LSGD തീയതി,തിരുവനന്തപുരം, 28-04-2025

---

പരാമർശം:-

1. കൊടുവള്ളി നഗരസഭ കൌൺസിലിന്റെ 30.09.2024 തീയ്യതിയിൽ നടന്ന ഭരണസമിതി സാധാരണ യോഗത്തിലെ 8(1) നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.03.2025, 26.03.2025 തീയതികളിലെ LSGD/PD/40944/2024-EER2 നമ്പർ കത്ത്.

**ഉത്തരവ്**

കൊടുവള്ളി നഗരസഭാ കൗൺസിലറായ ശ്രീ. സുബൈർ. പി.കെ എന്നവർക്ക് കാൻസർ രോഗബാധിതനായി കഴിഞ്ഞ മൂന്ന് വർഷമായി വെല്ലൂർ സി.എം.സി-യിൽ ചികിത്സ നടത്തിയതിൽ ചെലവായ തുകയായ 17,82,974/-(പതിനേഴ ലക്ഷത്തി എൺപത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തിനാല് രൂപ മാത്രം) രൂപ ചികിത്സാ സഹായമായി തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരമെടുത്ത നഗരസഭ തീരുമാനം,ടിയാന്റെ അപേക്ഷ സഹിതം സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. കൊടുവള്ളി നഗരസഭാ കൗൺസിലറായ ശ്രീ. സുബൈർ. പി.കെ എന്നവർക്ക് ചികിത്സ നടത്തിയ ഇനത്തിൽ 5,00,000/-രൂപ (5 ലക്ഷം രൂപ) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ കൊടുവള്ളി നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന്

യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ/സെക്രട്ടറി, കൊടുവള്ളി നഗരസഭ, കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/178/2024-LSGD].

ഉത്തരവിൻ പ്രകാരം
Signed by
സെക്ഷൻ ഓഫീസർ
Ajith Kumar K A
Date: 29-04-2025 10:33:24

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.